**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6762** **21-03-2023 - ൽ മറുപടിയ്ക്ക്**

**സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ ഏഴ് വരെയും എയ്ഡഡ് സ്കൂളുകളിലെ ഒന്ന് മുതൽ നാല് വരെയുമുള്ള ക്ലാസുകളിലെ കുട്ടികൾക്കായി സർക്കാർ പ്രഖ്യാപിച്ച സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റാന്റ് എലോൺ എൽ. പി, യു.പി.സർക്കാർ സ്കൂളുകൾക്കും എൽ. പി. വിഭാഗം എയ്ഡഡ് സ്കൂളുകൾക്കും സൗജന്യ കൈത്തറി യൂണിഫോം പദ്ധതി പ്രകാരം യൂണിഫോം നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി എത്ര മീറ്റർ തുണിയാണ് ആവശ്യമുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | നിലവിലെ കണക്ക് പ്രകാരം 42.5 ലക്ഷം മീറ്റർ തുണിയാണ് കൈത്തറി വകുപ്പ് ഈ പദ്ധതിയ്ക്കായി തയ്യാറാക്കി നൽകുന്നത്. |
| (സി) | കഴിഞ്ഞ വർഷം സ്കൂൾ യൂണിഫോമിനായി എത്ര മീറ്റർ കൈത്തറി തുണിക്കാണ് വിദ്യാഭ്യാസ വകുപ്പ് വ്യവസായ വകുപ്പിന് ഓർഡർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | കഴിഞ്ഞ വർഷം (2021 - 22) വിദ്യാഭ്യാസ വകുപ്പിൽനിന്നും കുട്ടികളുടെ ലിസ്റ്റ് സമർപ്പിച്ച പ്രകാരം സ്കൂൾ യൂണിഫോമിനായി 38.12 ലക്ഷം മീറ്റർ തുണിയാണ് കൈത്തറി തയ്യാറാക്കിയത്. |
| (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ഡി) | 140 കോടി |
| (ഇ) | തുണി വാങ്ങിയ ഇനത്തിൽ നെയ്ത്തുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | നെയ്ത്തുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ